(സി) കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങുന്നതിന് നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്.

കാർഷിക രംഗത്ത് നൂറു ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോത്സാഹന ധനസഹായം നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

കാർഷിക നയം

153 (4191) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ അംഗീകരിച്ച കാർഷിക നയം നടപ്പാക്കണമെങ്കിൽ എന്തെല്ലാം നിയമനിർമ്മാണങ്ങളാണ് നടത്തേണ്ടത് ;

(ബി) നിയമനിർമ്മാണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചത് ;

(സി) കരടുനിയമം തയ്യാറാക്കിയിട്ടുണ്ടോ ; നിയമത്തിന്റെ കരട് ക്യാബിനറ്റിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ ഈ ബില്ലുകൾ അവതരിപ്പിക്കുവാൻ നിർദ്ദേശിക്കുന്നുണ്ടോ ;

(ഇ) നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് ;

(എഫ്) തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ കാർഷിക നയത്തിനനുസൃതമായിട്ടാണോ പദ്ധതികൾ വിഭാവന ചെയ്തിട്ടുള്ളത് ; സംസ്ഥാന പ്ലാനിംഗ് ബോർഡുമായി ചർച്ച ചെയ്ത് വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ അംഗീകരിച്ച കാർഷികനയം നടപ്പാക്കണമെങ്കിൽ ചുവടെപ്പറയുന്ന 7 നയങ്ങൾ നടപ്പിലാക്കുന്നതിനാണ് നിയമ നിർമ്മാണത്തിന്റെ പിൻബലം ആവശ്യമുള്ളത്:

- കേരള കർഷക ക്ഷേമ ബോർഡ്
- ഇൻകം ഗ്യാരന്റി ആക്ട്
- കേരള സ്റ്റേറ്റ് വില നിർണ്ണയ അതോറിറ്റി
- അവകാശ ലാഭം
- സീഡ് ആക്ട് കേരളത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്
- വായ്പാനയം
- കാർഷിക ബഡ്ജറ്റ്

(ബി) നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബില്ലുകൾ തയ്യാറാക്കിവരുന്നു.

(സി) ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ കരട് ബില്ലുകൾ തയ്യാറാക്കിവരുന്നു. പ്രസ്തുത ബില്ലുകൾ നിയമ വകുപ്പിന്റെയും ക്യാബിനറ്റിന്റെയും പരിഗണനയ്ക്കായി 2015 ആഗസ്റ്റ് മാസത്തോടെ സമർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇല്ല.

(ഇ) നിയമനിർമ്മാണം ആവശ്യമില്ലാത്ത കാര്യങ്ങൾ ഗവൺമെന്റ് തലത്തിലും വകുപ്പ് മേധാവികളുടെ തലത്തിലും ഉത്തരവുകൾ ആവശ്യമാണ്. ആയതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ കൃഷി വകുപ്പിലും മൃഗസംരക്ഷണ വകുപ്പിലും തയ്യാറാക്കിവരുന്നു.

(എഫ്) സർക്കാർ അംഗീകരിച്ച കാർഷിക നയങ്ങളെ അധിഷ്ഠിതമാക്കിയുള്ള പദ്ധതികൾ തയ്യാറാക്കി അടുത്തവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. പുതിയ പദ്ധതികൾക്ക് കാർഷിക നയത്തെ അധിഷ്ഠിതമാക്കി രൂപരേഖ തയ്യാറാക്കുന്നതാണ്.

കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

154 (4192) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly